(സി) 1996-ലെ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (RE & SC) നിയമപ്രകാരവും 1979-ലെ അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമ പ്രകാരവും നിർമ്മാണ മേഖലയിൽ പണിയെടുക്കുന്ന തൊഴിലിടങ്ങളിലും താമസ സ്ഥലങ്ങളിലും പരിശോധന നടത്തി നിയമ ലംഘനങ്ങൾ നടത്തുന്ന തൊഴിലുടമ, കരാറുകാർ എന്നിവർക്കെതിരെ പ്രോസിക്യൂഷൻ, നിരോധന ഉത്തരവ് തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു.

ചാത്തന്നൂരിൽ സംസ്ഥാന കൺസ്ട്രക്ഷൻ അക്കാദമി

298 (987) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭൂമി വാങ്ങി നിർമ്മാണോദ്ഘാടനം നടത്തിയ ചാത്തന്നൂരിലെ സംസ്ഥാന കൺസ്ട്രക്ഷൻ അക്കാഡമി ആരംഭിക്കുവാൻ നടപടി സ്വീകരിക്കാതിരുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചാത്തന്നൂരിൽ കൺസ്ട്രക്ഷൻ അക്കാഡമി സ്ഥാപിക്കുവാൻ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത സ്ഥാപനം ആരംഭിക്കുവാനുള്ള നടപടിയിൽനിന്നും പിൻമാറിയോ ; ഇല്ലെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) കേരള കൺസ്ട്രക്ഷൻ അക്കാദമി എന്ന ആശയത്തേക്കാൾ സാങ്കേതിക നിപുണതയും വിദഗ്ദ്ധ പരിശീലനവും നൽകത്തക്കവിധത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള തൊഴിൽ വൈദഗ്ധ്യകേന്ദ്രം ആരംഭിക്കുന്ന വിഷയം പരിഗണനയിലാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുള്ള നിയമനങ്ങൾ

299 (988) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ഉദ്യോഗാർത്ഥികളുടെ സീനിയോറിറ്റി ലിസ്റ്റ് വെബ് സൈറ്റ് മുഖേന പ്രസിദ്ധീകരിക്കുന്നതാണെന്ന പ്രഖ്യാപനം നടപ്പിലായോ ;

LIBRARY ARCHIVES Kerala Legislative Assembly